ഉത്തരം

അക്കൗണ്ടന്റ് ജനറലിന്റെ ധനാഭ്യർത്ഥന അനുസരിച്ചുള്ള പ്രാഥമിക കണക്ക പ്രകാരം സാമൂഹ്യക്ഷേമവും സുരക്ഷിതത്വവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയിൽ പദ്ധതിയിനത്തിലുള്ള മൊത്തം ചെലവ് 822.90 കോടി രൂപയാണ്. എന്നാൽ സാമൂഹ്യനീതി വകുപ്പിന്റെ (ഡയറക്ടറേറ്റും മറ്റ് സ്ഥാപനങ്ങളും ഉൾപ്പെടുന്ന) മാത്രം 2014-15 സാമ്പത്തിക വർഷത്തെ പദ്ധതിയിനത്തിലെ ചെലവ് 85.07% ആണ്.

ശ്രുതിമധുരം

213 (5566) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോക്ലിയർ ഇംപ്ലാന്റേഷൻ പദ്ധതിയുടെ ആനുകൂല്യം ഇതുവരെ ലഭ്യമായവരുടെ എണ്ണം ജില്ല തിരിച്ച് വ്യക്തമാക്കാമോ :

(ബി) ഈ പദ്ധതിക്കായി ഇതുവരെ എത്ര തുക വിനിയോഗിച്ചെന്ന് വിശദമാക്കാമോ ;

(സി) സാമൂഹ്യസുരക്ഷാ മിഷൻ മുഖേന ഭിന്നശേഷിയുള്ളവർക്കായി നൽകുന്ന ചികിത്സാ പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ഗുണഭോക്താക്കളുടെ ജില്ല തിരിച്ചുള്ള എണ്ണം ചുവടെ ചേർക്കുന്നു :

ക്രമ നമ്പർ	ജില്ല	ഗുണഭോക്താക്കളുടെ എണ്ണം
(1)	(2)	(3)
1	തിരുവനന്തപുരം	41
2	കൊല്ലം	34
3	ആലപ്പുഴ	25
4	പത്തനംതിട്ട	9
5	കോട്ടയം	31
6	ഇടുക്കി	15
7	എറണാകുളം	43

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)
8	തൃശ്ശൂർ	41
9	പാലക്കാട്	35
10	കോഴിക്കോട്	46
11	കണ്ണൂർ	51
12	മലപ്പുറം	61
13	വയനാട്	9
14	കാസർഗോഡ്	20
	ആകെ	461

(ബി) 2012-13 സാമ്പത്തിക വർഷം 6,77,09,759 രൂപയും 2013-14 സാമ്പത്തിക വർഷം 10,00,02,706 രൂപയും 2015-16 സാമ്പത്തിക വർഷം 6,31,51,933 രൂപയും ചെലവഴിച്ചിട്ടുണ്ട്.

(സി) (1) കേരള സാമൂഹ്യ സുരക്ഷാമിഷൻ മുഖേന ഭിന്നശേഷിയുള്ളവർക്ക് മാത്രമായി നൽകുന്ന ചികത്സ പദ്ധതിയാണ് ശ്രുതിതരംഗം പദ്ധതി. ഈ പദ്ധതിപ്രകാരം 5 വയസ്സുവരെ പ്രായമുള്ള ബധിരരും മൂകരുമായ കുട്ടികൾക്ക് കോക്ലിയർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയ നടത്തി രണ്ട് വർഷം നീണ്ടുനിൽക്കുന്ന ആഡിറ്ററി വെർബൽ ഹബിലിറ്റേഷനിലൂടെ കേൾവിശേഷിയും സംസാര ശേഷിയും തിരികെ ലഭ്യമാക്കുന്നു.

(2) 18 വയസ്സുവരെ പ്രായമുള്ള മാരകരോഗങ്ങൾ ബാധിച്ച കുട്ടികൾക്ക് സംസ്ഥാനത്തെ തിരഞ്ഞെടുക്കപ്പെട്ട ആശുപത്രികൾ മുഖേന സൗജന്യ ചികത്സ ലഭ്യമാക്കുന്ന താലോലം പദ്ധതിയിൽ ഭിന്നശേഷിയുള്ള കുട്ടികൾക്കും അർഹതാ മാനദണ്ഡങ്ങൾ പ്രകാരം ചികിത്സ നൽകുന്നുണ്ട്.

(3) 18 വയസ്സുവരെ പ്രായമുള്ള കാൻസർ രോഗബാധിതരായ കുട്ടികൾക്ക് സംസ്ഥാനത്തെ തെരഞ്ഞെടുത്ത ആശുപത്രികൾ മുഖേന സൗജന്യ ചികിത്സ ലഭ്യമാക്കുന്ന 'കാൻസർ സുരക്ഷാ' പദ്ധതിയിൽ ഭിന്നശേഷിക്കാരായ കുട്ടികൾക്കും അർഹതാ മാനദണ്ഡങ്ങൾ പ്രകാരം ചികിത്സ ലഭ്യമാക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(4) സംസ്ഥാനത്തെ തെരഞ്ഞെടുത്ത മുനിസിപ്പാലിറ്റികളിലും എല്ലാ കോർപ്പറേഷനുകളിലും നടപ്പിലാക്കുന്ന വയോമിത്രം പദ്ധതിയുടെ ഭാഗമായി നടത്തുന്ന മൊബൈൽ ക്ലിനിക്കുകളിൽ 65-ന് മുകളിൽ പ്രായമുള്ള മുതിർന്ന പൗരന്മാർക്ക് സൗജന്യ ചികിത്സ നൽകുന്നതിൽ ഭിന്നശേഷിയുള്ള മുതിർന്ന പൗരന്മാരും ഉൾപ്പെടുന്നുണ്ട്.

വികലാംഗക്ഷേമ പെൻഷൻ

213 (5567) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നിലവിൽ വികലാംഗക്ഷേമ പെൻഷൻ കൈപ്പറ്റുന്ന എത്ര പേരുണ്ടെന്ന് വെളിപ്പെടുത്താമോ ;

(ബി) വികലാംഗക്ഷേമ പെൻഷൻ കൈപ്പറ്റുന്ന എത്ര പേർക്ക് പെൻഷൻ കുടിശ്ശിക നൽകാനുണ്ടെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ&ബി) നിലവിൽ 312300 വികലാംഗ പെൻഷൻ ഗുണഭോക്താക്കളുണ്ട്. ഇവരിൽ 257723 പേർക്ക് പെൻഷൻ കുടിശ്ശിക നൽകാനുണ്ട്.

മൂഴുവല്ലൂർ, പുളിക്കൽ അങ്കണവാടികൾക്ക് കെട്ടിടം

215 (5569) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിലെ മൂഴുവല്ലൂർ (നമ്പർ 100), പുളിക്കൽ (നമ്പർ 5) എന്നീ അംഗൻവാടികൾക്ക് 4235-02-96(പി) എന്ന ശീർഷകത്തിൽ 2014-15 സാമ്പത്തിക വർഷം അനുവദിച്ച തുകയിൽ കെട്ടിടം നിർമ്മിക്കുന്നതിനുള്ള എസ്റ്റിമേറ്റും, ടെണ്ടർ നടപടികളും പൂർത്തിയായിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ;

(ബി) സാമൂഹ്യനീതി ജില്ലാ പ്രോഗ്രാം ഓഫീസർ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ :

(സി) എന്നത്തേക്ക് ടെണ്ടർ നടപടികൾ പൂർത്തീകരിക്കുവാൻ കഴിയുമെന്ന് അറിയിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly